**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ജയിലുകൾ - തിരുവനന്തപുരം സെൻട്രൽ ജയിൽ പ്രിസൺ & കറക്ഷണൽ ഹോമിലെ ഡെപ്യൂട്ടി സൂപ്രണ്ട് ശ്രീ. വിഷ്ണു എസ്.(PEN 854742)-ന് ജോയിന്റ് സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

---

**ആഭ്യന്തര(ബി)വകുപ്പ്**

സ.ഉ.(സാധാ) നം.4370/2025/HOME തീയതി,തിരുവനന്തപുരം, 16-12-2025

---

പരാമർശം:-

1. സ.ഉ.(പി)നം. 73/2025/ആഭ്യന്തരം,തീയതി 04.06.2025.
2. OA 130/2025 കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 12.06.2025 തീയതിയിലെ ഇടക്കാല ഉത്തരവ്.
3. ശ്രീ.വിഷ്ണു.എസ് ഫയൽ ചെയ്ത MA 1249/2025 കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 23.07.2025 തീയതിയിലെ ഉത്തരവ്.
4. സ.ഉ.(സാധാ.)നം. 2571/2025/ആഭ്യന്തരം,തീയതി 30.07.2025
5. ശ്രീ.വിഷ്ണു.എസ് ഫയൽ ചെയ്ത OP(KAT)359/2025 ൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 10.09.205 തീയതിയിലെ വിധിന്യായം.
6. ശ്രീ.വിഷ്ണു.എസ് ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച 06.11.2025 തീയതിയിലെ നിവേദനം.
7. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 27.11.2025 തീയതിയിലെ KPCS/697/2025-E1

നമ്പർ കത്ത്.

## <u>ഉത്തരവ്</u>

ജയിൽ വകുപ്പിൽ ജോയിന്റ് സൂപ്രണ്ട് തസ്തികയിൽ ഉണ്ടായ 3 ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായി പരാമർശം (1) പ്രകാരം തയ്യാറാക്കിയ സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ. ജിജേഷ് ഇ.വി, ശ്രീ. അനീഷ് സി.എസ്, ശ്രീ. വിഷ്ണു.എസ് എന്നിവർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള ശിപാർശ ജയിൽ വകുപ്പ് മേധാവി സമർപ്പിച്ചിരുന്നു. എന്നാൽ ഡെപ്യൂട്ടി സൂപ്രണ്ട് ശ്രീ.ഡി. ദിനേശ്ബാബു ഫയൽ ചെയ്ത **OP(KAT)257/2025 in OA 130/2025** കേസിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം **(2)** ഇടക്കാല ഉത്തരവ് പ്രകാരം പരാമർശം **(1)** പ്രകാരമുള്ള സെലക്റ്റ് ലിസ്റ്റിൽ നിന്നും കോടതിയുടെ തുടർ ഉത്തരവ് ഉണ്ടാകുന്നത് വരെ ജോയിന്റ് സൂപ്രണ്ട് തസ്തികയിലെ ഒരു ഒഴിവ് നിയമനം നടത്താതെ ഒഴിച്ചിടണമെന്ന് നിർദ്ദേശിച്ചിരുന്നു. ഈ വിധിക്കെതിരെ ശ്രീ.വിഷ്ണു.എസ്. ഫയൽ ചെയ്ത **MA 1249/2025** കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച പരാമർശം **(3)** ഉത്തരവ് പ്രകാരം, **OA 130/2025** തീർപ്പാകുന്നത് വരെ സ്റ്റേ ദീർഘിപ്പിച്ച് നൽകുകയുമുണ്ടായി. അതനുസരിച്ച് പ്രസ്തുത തസ്തികയിലെ ഒരൊഴിവ് സ്ഥാനക്കയറ്റം നൽകാതെ ഒഴിച്ചിടുകയും സെലക്റ്റ് ലിസ്റ്റിലെ ക്രമ നം. **1, 2** ആയ ശ്രീ. ജിജേഷ് ഇ.വി, ശ്രീ. അനീഷ് സി.എസ് എന്നിവർക്ക് ജോയിന്റ് സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി പരാമർശം **(4)** പ്രകാരം ഉത്തരവാകുകയും ഉണ്ടായി.

**2.** പ്രസ്തുത വിധികൾക്കെതിരെ ശ്രീ.വിഷ്ണു.എസ് ഫയൽ ചെയ്ത **OP(KAT)359/2025** കേസിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം **(5)** വിധി പ്രകാരം, ജോയിന്റ് സൂപ്രണ്ട് തസ്തികയിലെ ഒരൊഴിവ് **OA 130/2025** തീർപ്പാകുന്നത് വരെ നിയമനം നടത്താതെ ഒഴിച്ചിടണമെന്ന ബഹു.ട്രിബ്യൂണലിന്റെ പരാമർശം **(3)** ഉത്തരവ് റദ്ദാക്കുകയുണ്ടായി. ഈ സഹചര്യത്തിൽ തനിക്ക് ജോയിന്റ് സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകണമെന്നപേക്ഷിച്ചു കൊണ്ട് പരാമർശം **(6)** പ്രകാരം ശ്രീ.വിഷ്ണു.എസ്. അപേക്ഷ സമർപ്പിച്ചിരുന്നു.

**3.** ഇതേത്തുടർന്ന്, തിരുവനന്തപുരം സെൻട്രൽ ജയിൽ & കറക്ഷണൽ

ഹോമിലെ ഡെപ്യൂട്ടി സൂപ്രണ്ട് ശ്രീ. വിഷ്ണു എസ്.-ന് ജോയിന്റ് സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിനുള്ള ശിപാർശ പരാമർശം (7) പ്രകാരം ജയിൽ വകുപ്പ് മേധാവി ലഭ്യമാക്കിയിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജോയിന്റ് സൂപ്രണ്ട് തസ്തികയിൽ നിയമനം നടത്താതെ മാറ്റിവച്ച ഒരു ഒഴിവ് ബഹു. ഹൈക്കോടതിയുടെ പരാമർശം (5) വിധിയുടെ അടിസ്ഥാനത്തിൽ നികത്തുന്നതിന് തടസ്സമില്ലായെന്ന് കാണുന്നതിനാൽ, തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ ഡെപ്യൂട്ടി സൂപ്രണ്ടും പരാമർശം (1) സെലക്ട് ലിസ്റ്റിലെ ക്രമ നം. 3 - ഉം ആയ ശ്രീ. വിഷ്ണു എസ്.നെ (പെൻ 854742) 63700 - 123700 ശമ്പള സ്കെയിലിൽ ജോയിന്റ് സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി തിരുവനന്തപുരം സെൻട്രൽ ജയിൽ & കറക്ഷണൽ ഹോമിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം.
ബന്ധപ്പെട്ട വ്യക്തിയ്ക്ക് (ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ് ( ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Amina B
Date: 17-12-2025 11:00:22
സെക്ഷൻ ഓഫീസർ